**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** — **28-07-2021 - ൽ മറുപടിയ്ക്ക്**

**ഐ. ടി. വ്യവസായ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ വി കെ പ്രശാന്ത്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവര-സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിനുവേണ്ടി ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി എത്ര ഐ. ടി. /ഐ. ടി. ഇ. എസ്. കമ്പനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര സ്ഥലം വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | പാർക്ക് കമ്പനികളുടെ എണ്ണം വിനിയോഗിച്ച സ്ഥലം (ച.അടി) ടെക്നോപാർക്ക് 460 ഏകദേശം 100.7 ലക്ഷം ഇൻഫോപാർക്ക് 422 ഏകദേശം 92 ലക്ഷം |
| (ബി) | ഐ. ടി. വ്യവസായ മേഖലകളിൽ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ടെക്നോസിറ്റിയിലെ ഗവ. ഐ.ടി കെട്ടിടത്തിനു പുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്, സൺടെക് ബിസിനസ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി സൗകര്യങ്ങൾ വികസിപ്പിക്കാൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫെയിസ്-1 ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫെയിസ്-3 യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കെ.എസ്.ഐ.ടി.ഐ.എൽന്റെ സ്പെയിസ് പാർക്ക് പ്രോജക്റ്റ്, റ്റി.സി.എസ് & റ്റാറ്റ ഇലക്സി, ബ്രിഗേഡിന്റെ വേൾഡ് ട്രൈഡ് സെന്റർ തുടങ്ങിയ ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി/ഐ.ടി.ഇ.എസ് സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്ന ഭാവി വികസന പദ്ധതികൾക്കായി |

| | | | |
|---|---|---|---|
| | | | ഇൻഫോപാർക്ക് കൊച്ചിയിലും കൊരട്ടിയിലും കൂടുതൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ ഐ. ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ബഹുരാഷ്ട്ര കമ്പനികളെ ആകർക്ഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ